5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ്

# കൊച്ചി കോർപ്പറേഷൻ

1994 ലെ 20–ാം ആക്ടായ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ 447, 444, 445, 448, 449, 453, 454, 455, 456 459, 460, 462, 469, 470 എന്നീ വകുപ്പുകൾ പ്രകാരം ലൈസൻസിനുള്ള അപേക്ഷ.

| | | | |
|---|---|---|---|
| രജിസ്റ്റർ നമ്പർ | തീയതി | ലൈസൻസ് നമ്പർ | തീയതി |

കോർട്ടുഫീസ് സ്റ്റാമ്പ്
ഇവിടെ ഒട്ടിക്കണം

കൊച്ചി നഗരസഭാ സെക്രട്ടറി മുമ്പാകെ

സർ,

1994 ലെ 20–ാം ആക്ടായ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ 447–ാം വകുപ്പനുസരിച്ച് താഴെപ്പറയുന്ന സ്ഥലത്ത് അടിയിൽ വിവരിക്കുന്ന കാര്യങ്ങൾ.................................................. സാമ്പത്തിക വർഷത്തേയ്ക്ക് വ്യാപാരം ചെയ്യുന്നതിനുള്ള ലൈസൻസ് അനുവദിക്കണമെന്ന പേക്ഷിക്കുന്നു.

| | | | |
|---|---|---|---|
| കൊച്ചി | | ഒപ്പും | |
| തീയതി | | മേൽവിലാസവും | |
| വാർഡ് | | റ്റി. സി. നമ്പർ | |
| അളവ് | നീളം | വീതി | പ്രദേശം |
| ഇനങ്ങൾ (പരിമാണം) | മാത്ര | ഫീസിന്റെ തുക | രസീതു നമ്പർ |

ഹെൽത്താഫീസർ

കുറിപ്പ്

ഹെൽത്ത് ഇൻസ്പെക്ടർ

കുറിപ്പ്

ഹെൽത്താഫീസർ

ഉത്തരവ്

സെക്രട്ടറി

നഗരസഭ

# കരുതൽ

വകുപ്പ് 1. 1994–ലെ 20–ാം ആക്ടായ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ 6–ാം ഷെഡ്യൂളിൽ വിവരിക്കുന്ന യാതൊന്നും നഗരാതിർത്തിക്കുള്ളിലുള്ള യാതൊരു സ്ഥലവും നഗരസഭ സെക്രട്ടറിയുടെ പക്കൽനിന്നും ലൈസൻസ് എടുക്കാതെയും ആയതിലേയ്ക്കുവേണ്ടി പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുള്ള നിയമങ്ങൾക്ക് വിധേയമായും അല്ലാതെ ഉപയോഗിക്കാൻ പാടില്ല.

2 മുകളിലത്തെ ഉപവകുപ്പനുസരിച്ച് ഏതെങ്കിലും സ്ഥലം ഉപയോഗത്തിന് ലൈസൻസ് ആവശ്യമാണെങ്കിൽ ആ സ്ഥലത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോ ടി. സ്ഥലം ആ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് 30ദിവസങ്ങൾക്കു മുൻപ് ലൈസൻസിന് സെക്രട്ടറിയോടപേക്ഷിക്കണം.

3 ഏതെങ്കിലും സ്ഥലത്ത് സ്ഫോടക വസ്തുക്കൾ, തടി, എളുപ്പം കത്തുന്ന വസ്തുക്കൾ മുതലായവ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്യുന്നതിനുള്ള ലൈസൻസിന് അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയോടൊപ്പം ആ സ്ഥലത്തിന്റെ പ്ലാനും അതിന്റെ അതിരുകളും, അളവുകളും വ്യക്തമായി കാണിക്കുന്ന ഒരു പട്ടിക കൂടെ ഹാജരാക്കേണ്ടതാണ്.

4 സെക്രട്ടറിക്ക് ചില പ്രത്യേക നിബന്ധനകളോടുകൂടിയോ അല്ലാതെയോ ആ ആവശ്യത്തിന് ലൈസൻസ് അനുവദിക്കുകയോ അനുവദിക്കാതിരിക്കുകയോ ചെയ്യാവുന്നതാണ്.

5 എല്ലാ ലൈസൻസുകളും സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ അവയുടെ കാലാവധി അവസാനിക്കുന്നതാണ്. എന്നാൽ ചില പ്രത്യേക കാരണങ്ങളാൽ ചില ലൈസൻസുകളുടെ കാലാവധി ആ സാമ്പത്തിക വർഷത്തിന്റെ മുൻപിലോ പിൻപിലോ സെക്രട്ടറിക്ക് അവസാനിപ്പിക്കാവുന്നതാണ്.

6 ലൈസൻസ് പുതുക്കി കിട്ടണമെന്നുള്ളവർ ഒരു സമ്പാത്തിക വർഷാരംഭത്തിന് 30 ദിവസങ്ങൾക്കു മുൻപ് ലൈസൻസിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. ലൈസൻസിനേയും അനുവാദത്തിനേയും സംബന്ധിച്ചുള്ള പൊതു തത്ത്വങ്ങൾ 1994–ലെ 20–ാം ആക്ടായ കേരളാ മുനിസിപ്പാലിറ്റി ആക്ടിന്റെ 447–ാം വകുപ്പ് പരിശോധിക്കുക.

1994 ലെ 20–ാം ആക്ടായ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ 447–ാം വകുപ്പിൽ ലൈസൻസിലെവകുപ്പുകൾ നടപ്പിലാക്കുന്നതിനുള്ള അധികാരങ്ങൾ നിർവചിക്കും.

വകുപ്പ് 378 മുകളിൽ പറഞ്ഞിരിക്കുന്ന വകുപ്പോ അതിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള ചട്ടങ്ങളോ അല്ലെങ്കിൽ മുകളിൽ പറഞ്ഞിട്ടുള്ള വകുപ്പുകൾക്കോ ചട്ടങ്ങൾക്കോ വിധേയമായി നിയമപരമായിട്ടുള്ള നിർദ്ദേശങ്ങളോ അപേക്ഷകളോ ലംഘിക്കുന്നതായാൽ ആ കുറ്റത്തിന് 200 രൂപാവരെയുള്ള ശിക്ഷ നൽകാവുന്നതാണ്. ടി കുറ്റം ആവർത്തിക്കപ്പെടുന്നതായി തെളിയുന്നപക്ഷം അപ്രകാരം തുടരുന്ന ഓരോ ദിവസത്തിനും 50 രൂപാ വരെയുള്ള പിഴ നൽകാവുന്നതാണ്.

വിശേഷാൽ കുറിപ്പ്:: ലൈസൻസ് ഫീസിന്റെ തുകയും പട്ടികയും ഓഫീസിൽ അന്വേഷിച്ചാൽ കിട്ടുന്നതാണ്.